പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3498 24.6.2013 ൽ മറുപടിക്ക്

## സർക്കിൾ ഇൻസ്പെക്ടർമാർക്ക് ഡേ ഓഫ് അലവൻസ്

| ചോദ്യം<br>ശ്രീ. കെ. അജിത് | മറുപടി<br>തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| എ) പോലീസ് സേനയിലെ സർക്കിൾ ഇൻസ്പെക്ടർമാർക്ക് ഡേ ഓഫ് അലവൻസ് എന്നു മുതലാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) 01.02.2011 മുതൽ. |
| ബി) അനുവദിച്ചിട്ടുള്ള ഡേ ഓഫ് അലവൻസ് മുടക്കം കൂടാതെ ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കുന്നുണ്ടോ; | (ബി)യും, (സിയും) ഇൻസ്പെക്ടർ തസ്തിക ഗസറ്റഡ് ആയതിനാൽ ഡേ ഓഫ് അലവൻസ് അവർ തന്നെ ക്ലെയിം ചെയ്ത് മേലുദ്യോഗസ്ഥന്റെ അനുമതിയോടെ വാങ്ങേണ്ടതാണ്. ഇൻസ്പെക്ടർ റാങ്കിലുള്ള ചില ഉദ്യോഗസ്ഥർക്ക് അക്കൗണ്ടന്റ് ജനറലിന്റെ അനുമതി ലഭിക്കാത്തതിനാൽ പ്രസ്തുത അലവൻസിന് കാലതാമസം വന്നിട്ടുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ഏതു മാസം വരെ മുടക്കം കൂടാതെ പ്രസ്തുത അലവൻസ് നൽകി എന്നും മുടക്കം വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ; | |
| ഡി) ഡേ ഓഫ് അലവൻസിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് ഫണ്ട് ലഭ്യമാകാത്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; | ഡി) ഇല്ല |
| ഇ) ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഡേ ഓഫ് പോലുള്ള അലവൻസുകൾ മുടക്കം കൂടാതെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | ഇ) എല്ലാ അലവൻസുകളും മുടക്കം കൂടാതെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ